# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അമ്പൂരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: N0.KSA/TVM/GP2/1818/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അമ്പൂരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: N0.KSA/TVM/GP2/1818/23 തീയ്യതി: 27/12/2023

## തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 24-11-2023 | 02-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-11-2023 | 02-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സിന്ധുല ബീവി .എം, ഓഡിറ്റ് ഓഫീസർ (HG)

ശ്രീ. അനിൽ കുമാർ. ആർ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി സുനിതാബാബു. ബി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.രാജു. എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വത്സല രാജു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സന്തോഷ് കുമാർ.പി.ബി | സെക്രട്ടറി | 01-04-2022 | 17-04-2022 |

| | | | |
|---|---|---|---|
| ശ്രീമതി അനിത .ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-04-2022 | 29-04-2022 |
| ശ്രീ.സന്തോഷ് കുമാർ.പി.ബി | സെക്രട്ടറി | 30-04-2022 | 20-12-2022 |
| ശ്രീ. സജു പ്രകാശ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-12-2022 | 28-12-2022 |
| ശ്രീ. ജി. തുളസീധരൻ | സെക്രട്ടറി | 29-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പ്രവീൺ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 12-09-2022 |
| ശ്രീ. ഷിജുകുമാർ .എസ്.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 13-09-2022 | 31-03-2023 |
| ശ്രീമതി ഷീല .ഐ.ജി | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി സുബി .ജെ.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 27-12-2022 |
| ശ്രീമതി സന്ധ്യ .ഒ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 28-12-2022 | 10-01-2023 |
| ശ്രീമതി ആനി .എൽ.ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11-01-2023 | 31-03-2023 |
| ശ്രീമതി സിംന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 24-06-2022 |
| ശ്രീമതി ദിവ്യ .ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 24-06-2022 | 31-03-2023 |
| ഡോ.രവികുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ദിവ്യ.എസ്.കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീ.രാജേഷ്.പി.ജെ | കൃഷി ഓഫീസർ | 01-04-2022 | 10-08-2022 |
| ശ്രീ.വിജയകുമാരൻ.എസ് | കൃഷി ഓഫീസർ | 11-08-2022 | 31-03-2023 |
| ഡോ. പ്രദീപ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. രഞ്ജിത്ത് | വെറ്ററിനറി സർജൻ | 01-04-2022 | 24-09-2022 |
| ഡോ.ആദർശ് ചന്ദ്രൻ | വെറ്ററിനറി സർജൻ | 25-09-2022 | 31-03-2023 |
| ശ്രീ. ദിനു.എസ്.ജി | വി.ഇ.ഒ (എ) സർക്കിൾ | 01-04-2022 | 14-07-2022 |
| ശ്രീമതി ബിന്ദുകുമാരി.ഒ.വൈ | വി.ഇ.ഒ (എ സർക്കിൾ) അധികച്ചുമതല | 15-07-2022 | 31-10-2022 |
| ശ്രീമതി വിനി ജോസഫ് | വി.ഇ.ഒ (എ) സർക്കിൾ | 01-11-2022 | 31-03-2023 |
| ശ്രീമതി ബിന്ദുകുമാരി.ഒ.വൈ | വി.ഇ.ഒ (ബി) സർക്കിൾ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഓപ്പണിംഗ് ബാലൻസ് മുൻ വർഷത്തെ ക്ലോസിംഗ് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | വരവിനെക്കാൾ കൂടുതൽ ചെലവ് | 1-1-2 |
| 4 | അസറ്റ് പൂർണമായും നിശ്ചിത ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | അസറ്റ് മൂല്യത്തെക്കാൾ കൂടുതൽ തുക ഡിപ്രിസിയേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-4 |
| 6 | KURDFC വായ്പ അടവു തുക പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സ്റ്റോക്ക് മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല, | 1-1-6 |
| 8 | വാർഷിക അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല | 1-1-7 |
| 9 | പണമാകാത്ത ചെക്കുകൾ മൂന്നു മാസത്തിനു ശേഷവും Stale ചെക്കിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | ബാങ്ക് റിക്കൺസിലിയേഷനിൽ Cheque Deposited But Not Cleared ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-1-9 |
| 11 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ മറ്റ് അപാകതകൾ | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | വികസനഫണ്ട് സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള തുകയുടെ വരവ് ചെലവ്. | 1-4-1 |
| 17 | സി.എഫ്.സി ഗ്രാന്റ് ചെലവു തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-4-2 |
| 18 | പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റ് ചെലവഴിച്ചിട്ടില്ല | 1-4-3 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | ക്ഷേമപദ്ധതികൾ | 1-6 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 22 | ക്യാഷ് പരിശോധന | 1-8 |
| 23 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 24 | എം.ജി.എൻ.ആർ.ജി.എസ് പ്രവൃത്തികൾ - അവലോകനം | 1-9-1 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 26 | വസ്തുനികുതി ചുമത്തിയതിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്. | 1-11 |
| 27 | മൊബൈൽ ടവർ -വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ ഊർജിത നടപടി സ്വീകരിക്കണം. | 1-12 |
| 28 | പെർമിറ്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല. | 1-13 |
| 29 | തനത് വരവ് ഇനങ്ങളിലെ പ്രധാന നിരീക്ഷണങ്ങൾ | 1-14 |
| 30 | ചെലവ് രേഖകൾ ഹാജരാക്കിയില്ല- 442488/- രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു. | 1-15 |
| 31 | രേഖകൾ ഹാജരാക്കിയില്ല - 40000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 32 | ഇൻവോയിസ് ഹാജരാക്കിയില്ല - 86730/- രൂപ തടസ്സപ്പെടുത്തുന്നു. | 1-17 |
| 33 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-സെറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-18 |
| 34 | ആർ–ട്രാക്ക് രൂപീകരണം - പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-19 |
| 35 | പകൽവീട് -ഉണഭോക്താക്കളുടെ അഭാവത്തിൽ മറ്റ് വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. | 1-20 |

| | | |
|---|---|---|
| 36 | ഭരണസമിതി മിനിട്സുകൾക്ക് യഥാസമയം അംഗീകാരം നല്കുന്നില്ല. | 1-21 |
| 37 | മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-22 |
| 38 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 416523/- രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 39 | അമ്പൂരി ഫെസ്റ്റ് -വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. | 1-24 |
| 40 | വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല.1188176/-രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 41 | ചെലവ് രേഖകൾ ഹാജരാക്കിയില്ല- 3,00,000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-26 |
| 42 | സ്മാർട്ട് ഗാർബേജ് ആപ്പ് (ഹരിതമിത്രം) ക്യൂ.ആർ.കോഡ് സമ്പ്രദായം നടപ്പിലാക്കിയിട്ടില്ല. | 1-27 |
| 43 | മരുന്നുകൾ ലഭ്യമായില്ല - തുടർ നടപടി സ്വീകരിക്കണം | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29/07/2023 ലെ 6(1)

നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29/07/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അന്നൂരി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അന്നൂരി ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ഓപ്പണിംഗ് ബാലൻസ് മുൻ വർഷത്തെ ക്ലോസിംഗ് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

2021-22 സാമ്പത്തികവർഷത്തെ ക്ലോസിംഗ് ബാലൻസ് തുക (RP- 40(b)= 7476505/-) 2022-23 ലെ ഓപ്പണിംഗ് ബാലൻസുമായി (RP-40(a)= 7476515/-) പൊരുത്തപ്പെടുന്നില്ല. 10/- രൂപ മുന്നിരിപ്പുള്ള Nationalised Bank Account Of Own Revenue Fund ബാങ്ക് അക്കൗണ്ട് 2022-23 RP-40(a) യിൽ പുതുതായി ഉൾപ്പെടുത്തിയതാണ് പ്രസ്തുത വ്യത്യാസത്തിനുള്ള കാരണം. അക്കൗണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-1-2 വരവിനെക്കാൾ കൂടുതൽ ചെലവ്

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനെക്കാൾ (230552113/-രൂപ) കൂടുതൽ തുക ചെലവിനത്തിൽ (238677029/-രൂപ) ഉൾപ്പെടുത്തിയിരിക്കുന്നു.

ഡിപ്രിസിയേഷൻ, അരിയർ ഡിമാന്റ് എന്നിവയ്ക്കായി ചെയ്യുന്ന ജേണൽ ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിന്റെ എക്സ്പെൻഡിച്ചർ ഭാഗത്ത് വരുന്നതിനാലാണ് വരവിനെക്കാൾ കൂടുതൽ ചെലവ് കൂടി നിൽക്കുന്നത് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം :13തിയതി:27/11/2023)മറുപടി ലഭ്യമാക്കിയത്.

### 1-1-3 അസറ്റ് പൂർണമായും നിശ്ചിത ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

2021-22 സാമ്പത്തിക വർഷം 1202945/-രൂപ ചെലവഴിച്ച് ആംബുലൻസ് വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ആസ്തിയുടെ വിവരം 2022-23 വാർഷിക ധനകാര്യ പത്രികയിലെ നിശ്ചിത ഹെഡിലും ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ: 31 തിയതി: 30/11/23).

### 1-1-4 അസറ്റ് മൂല്യത്തെക്കാൾ കൂടുതൽ തുക ഡിപ്രിസിയേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നു

വാഹനത്തിന്റെ ഡിപ്രീസിയേഷൻ ഇനത്തിലെ തുക (822231/-രൂപ) അസറ്റിനെക്കാൾ (739882/-രൂപ) കൂടുതലായി ഉൾപ്പെടുത്തിയിരിക്കുന്നു.

ഒരു അസറ്റിന്റെ ലൈഫ് ടൈം പൂർത്തിയായാൽ അതിനെ അക്കൗണ്ട്സിൽ നിന്നും ഒഴിവാക്കാൻ ആവശ്യമായ സംവിധാനം സോഫ്റ്റ് വെയറിൽ ഇല്ലാത്തതിനാലാണ് അസറ്റ് വാല്യുവിനെക്കാൾ കൂടിയ തുക ഡിപ്രീസിയേഷനിൽ വരുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്. സോഫ്റ്റ്‌വെയറിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-5 KURDFC വായ്പ അടവ് തുക പൊരുത്തപ്പെടുന്നില്ല

സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലോൺ ഇനത്തിലെ സോഴ്സ് ഡിഡക്ഷൻ തുക (2896769/-രൂപ), സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ലോൺ തിരിച്ചടവ് തുകയുമായി (2034662/-രൂപ) പൊരുത്തപ്പെടുന്നില്ല. സുലേഖ പ്രകാരമുള്ള അടവ് തുകയുടെ അടിസ്ഥാനത്തിലുള്ള ലോൺ നീക്കിയിരിപ്പ് തുകയാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-1-6 സ്റ്റോക്ക് മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല,

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. വരും വർഷങ്ങളിൽ ആയത് പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

### 1-1-7 വാർഷിക അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. വാർഷിക അനുപാതങ്ങൾ സോഫ്റ്റ് വെയറിൽ ലഭ്യമല്ലായെന്നാണ് മറുപടി ലഭ്യമാക്കിയത്.

### 1-1-8 പണമാകാത്ത ചെക്കുകൾ മൂന്നു മാസത്തിനു ശേഷവും Stale ചെക്കിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഫെഡറൽ ബാങ്ക് തനത് അക്കൗണ്ടിന്റെ (12290100201378) 03/2023 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ് മെന്റ് പ്രകാരം Cheque Issued Not Presented To Bank ഇനത്തിൽ 2698/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചെക്കുകൾ 28/01/22 ൽ നൽകിയ ചെക്കുകളാണ്. മൂന്നു മാസം കഴിയുമ്പോൾ ചെക്ക് കാലഹരണപ്പെടുമെന്നിരിക്കെ മേൽ ചെക്കുകൾ നാളിതുവരെ Stale ചെക്കിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-9 ബാങ്ക് റിക്കൺസിലിയേഷനിൽ Cheque Deposited But Not Cleared ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

സർവീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് തനതുഫണ്ട് അക്കൗണ്ടിന്റെ (2034) 03/2023 ലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared ഇനത്തിൽ ആകെ 40561/-രൂപ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 37953/- രൂപ മുൻവർഷങ്ങളിലെ വരവ് നാളിതുവരെ അക്കൗണ്ടിൽ ക്രെഡിറ്റ് ആകാത്തവയാണ്. ടി തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/ രസീത് നമ്പർ | തീയതി | തുക |
|---|---|---|
| 119010400004 | 2/11/2019 | 9540 |
| 119010400005 | 2/11/2019 | 9540 |
| 11901040009 | 29/02/2020 | 11050 |
| 119010400003 | 02/11/2019 | 7823 |
| ആകെ | | 37953/- |

മേൽ തുകകൾ ഏതിനത്തിൽ ലഭ്യമായ തുകകളാണെന്ന് കണ്ടെത്തി ചെക്ക് നൽകിയ വ്യക്തികളിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-1-10 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalents (1182399/-) ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിലെ Net Cash Generated By Operating+investing+financing Activity (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (-12245083/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സോഫ്റ്റ് വെയറിൽ ജനറേറ്റായി വരുന്ന റിപ്പോർട്ട് ആയതിനാൽ ഇതിന്റെ ആധികാരികത വ്യക്തമല്ലെന്നാണ് മറുപടി നൽകിയത്.

## 1-1-11 വാർഷിക ധനകാര്യ പത്രികയിലെ മറ്റ് അപാകതകൾ

1) ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 29000/- രൂപ ക്രമീകരിക്കാനവശേഷിക്കുന്നു. ർജീവനക്കാരിൽ നിന്നും ഈടാക്കാൻ ബന്ധപ്പെട്ട പഞ്ചായത്തുകൾക്കു കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.

2) അമ്പൂരി ഫെസ്റ്റിനായി 18/03/23 ൽ ഫെഡറൽ ബാങ്കിൽ അക്കൗണ്ട് (12290200002643) ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വാതിൽപ്പടി സേവനത്തിനായി ആരംഭിച്ച അക്കൗണ്ട് വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) സംയുക്ത പ്രോജക്റ്റുകൾക്കായി ചെലവഴിച്ച ബ്ലോക്ക് വിഹിതം ഇനത്തിലെ വാർഷിക ധനകാര്യപത്രികയിലെ തുക (1514009/-), സുലേഖ പ്രകാരമുള്ള ചെലവ് (1494009/-) തുകയുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഭരണസമിതിയുടെ 23/3/22-ലെ (1/1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച, ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2,05,54,784/- |
| വരവ് | 35,09,31,000/- |
| ആകെ | 37,14,85,784/- |
| ചെലവ് | 35,03,15,000/- |
| നീക്കിയിരിപ്പ് | 2,11,70,784/- |

ബഡ്ജറ്റിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് പരിഷ്കരിച്ച ബഡ്ജറ്റ് തയ്യാറാക്കി 20/03/2023 ലെ 6/1 നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബഡ്ജറ്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2,05,54,784/- |
| വരവ് | 35,18,71,067/- |
| ആകെ | 37,24,25,851/- |
| ചെലവ് | 37,07,84,784/- |
| നീക്കിയിരിപ്പ് | 16,41,067/- |

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 7476515 |
| ഓഡിറ്റ് വർഷത്തെ വരവ് | 31188264 |
| ആകെ വരവ് | 38664779 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 30005865 |
| നീക്കിയിരിപ്പ് | 8658914 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) ,സാമൂഹ്യ സുരക്ഷ പെൻഷനുകൾ എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12774370 | 12774370 | 13146731 | (-372361) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 3768786 | 3768786 | 3686615 | 82171 |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 1808445 | 1808445 | 2658555 | (-850110) |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 5123412 | 5123412 | 2773975 | 2349437 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 2820017 | 2820017 | 2772529 | 47488 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 14452000 | 14452000 | 13053121 | 1398879 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5627000 | 5627000 | 5232334 | 394666 |
| CSS | 0 | 0 | 0 | 792534 | (-792534) |
| Sss | 0 | 0 | 0 | 59519 | (-59519) |

A) വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നിവയുടെ വരവിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്താതെയും ചെലവിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്തിയുമാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് ഗ്രാന്റ് വിനിയോഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

B) ധനകാര്യ കമ്മിഷൻ ഗ്രാന്റ് മുൻ സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തൻ വർഷത്തെ മുന്നിരിപ്പായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-4-1 വികസനഫണ്ട് സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള തുകയുടെ വരവ് ചെലവ്.

| ഗ്രാന്റ് | മുന്നിരിപ്പ് | അനുബന്ധം IV പ്രകാരം അനുവദിച്ച തുക | ആകെ സോഴ്സ് ഡിഡക്ഷൻ | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് തുക ( സുലേഖ പ്രകാരം) | ബാലൻസ് / ലാപ്സ് ആയ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15743000 | 2811200 | 13146731+ *1142400= 14289131/- | 1453869 | 91% |
| വികസനഫണ്ട് (എസ്.സി.പി) | 0 | 3909000 | 140214 | 3686615+ *70107= 3756722 | 152278 | 96% |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 2805000 | 996555 | 2658555 | 146445 | 94% |

* ലോൺ ഇനത്തിലെ സോഴ്സ് ഡിഡക്ഷൻ വികസനഫണ്ട് ജനറൽ 792000 /- രൂപയും, അംഗൻവാടി ടീച്ചേഴ്സ് ഓണറേറിയം ഇനത്തിലെ 350400/-രൂപയും എസ്.സി.പി ഫണ്ട് ലോൺ 70107/- രൂപയും ചെലവിനത്തിൽ കുറവായാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും സുലേഖ സ്റ്റേറ്റ്മെന്റിലും ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-4-2 സി.എഫ്.സി ഗ്രാന്റ് ചെലവു തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

1) 2022-23 സാമ്പത്തിക വർഷത്തെ സി.എഫ്.സി ഗ്രാന്റിന്റെ വാർഷിക ധനകാര്യ പത്രികയിലെ ചെലവു തുകകൾ സുലേഖ സ്റ്റേറ്റ്മെന്റ്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ ചെലവു തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

ചേർക്കുന്നു.

| | സുലേഖ പ്രകാരം ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് | AFS ചെലവു ഹെഡ് |
|---|---|---|---|
| CFC-Tied | 2773975 | 2354485 | 160100109<br>160100111 & Capital Contribution |
| CFC-Untied | 2772529 | 3192019 | 160100104 |

2) ഇ-ഗ്രാം സ്വരാജ് സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 സാമ്പത്തിക വർഷം ടൈഡ്,അൺടൈഡ് ഗ്രാന്റ് എന്നിവ രണ്ടിലും നീക്കിയിരിപ്പ് ഉണ്ടായിരുന്നു. എന്നാൽ 2022-23 ൽ മുൻവർഷത്തെ നീക്കിയിരിപ്പ് പൂർണമായും അൺടൈഡ് ഗ്രാന്റിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നു.

3) സി.എഫ്.സി ടൈഡ് ഗ്രാന്റ് മുൻ വർഷങ്ങളിലെ തുക ക്യാരി ഓവറായി ജി.ഒ (ആർ.ടി) 4585/2022/ധന. തിയതി 23/06/2022 നമ്പർ ഉത്തരവ് പ്രകാരം 1017412/- രൂപ ടൈഡ് ഗ്രാന്റിലും 82017/- രൂപ ബേസിക് ഗ്രാന്റിനത്തിലും അനുവദിച്ചിരുന്നു. എന്നാൽ ടൈഡ് ഗ്രാന്റിൽ 199858/- രൂപ മാത്രമെ തൻ വർഷം വിനിയോഗിച്ചിട്ടുള്ളൂ. 899571/-/-രൂപ ലാപ്സ് ആയിരിക്കുന്നു. സുലേഖ പ്രകാരം പ്രോജക്ടുകൾ വകയിരുത്തിയിരുന്നിട്ടും തുക ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചിട്ടില്ല.

4) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികൾക്കൊന്നും ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:24, തിയതി: 29/11/23) , 2021-22സാമ്പത്തിക വർഷത്തെ ക്ലോസിംഗ് ബാലൻസ് അൺടൈഡ് ഹെഡിൽ മാത്രം ഉൾപ്പെടുത്തിയതിനാൽ 2022-23 ലെ ക്ലോസിംഗ് ബാലൻസ് കറക്ട് ചെയ്യാൻ വേണ്ടിയാണ് ചെലവു തുകയിൽ വ്യത്യാസം വരുത്തിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്.

വരവു ചെലവു തുകകൾ വ്യത്യാസപ്പെടാതെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നതിനും ഗ്രാന്റിനത്തിൽ ലഭ്യമാകുന്ന തുകകൾ നഷ്ടപ്പെടാതെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി വിനിയോഗിക്കുന്നതിനും ഭരണസമിതിയും നിർവഹണോദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-4-3 പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റ് ചെലവഴിച്ചിട്ടില്ല


| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100104 | **Assistance For Scheme Under Provison(I) To Article 275(1) Of The Constitution For Welfare Of Scheduled Tribes And For Raising The Level Of Administration Of Scheduled Areas.** | 1700000 |

പട്ടിക വർഗ വിഭാഗത്തിലുള്ളവരുടെ ഉന്നമനത്തിനായി അനുവദിച്ചിട്ടുള്ള ഗ്രാന്റ് തുക സർക്കാർ നിർദ്ദേശ പ്രകാരം പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.


## 1-5 പദ്ധതി അവലോകനം

1) 2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്ടിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | നീക്കിയിരിപ്പ്/ ലാപ്സ് തുക |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 15743000 | 13146731 | 2596269 |
| വികസനഫണ്ട് (എസ്.സി.പി) | 3909000 | 3686615 | 222385 |
| റ്റി.എസ്.പി | 2805000 | 2658555 | 146445 |
| മെയിന്റനൻസ് നോൺ റോഡ് | 5627000 | 5232334 | 394666 |
| മെയിന്റനൻസ് റോഡ് | 14452000 | 13053121 | 1398879 |
| ആകെ | 42536000 | 37777356 | 4758644 |




ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.




പദ്ധതി നിർവ്വഹണം

2022-23 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഉൾപ്പെടെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 1 | 821450 | 461850 | 56.22 |
| വെറ്റിനറി ഉദ്യോഗസ്ഥൻ | 10 | 8 | 2 | 2948300 | 1601910 | 54% |
| മെഡിക്കൽ ആഫീസർ (ആലോപ്പതി) | 10 | 9 | 1 | 3399521 | 3134972 | 92.21 |
| മെഡിക്കൽ ആഫീസർ (ഹോമിയോ) | 2 | 2 | 0 | 325000 | 325000 | 100% |
| മെഡിക്കൽ ആഫീസർ (ആയുർവേദം) | 2 | 2 | 0 | 320000 | 320000 | 100% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 11 | 10 | 1 | 39409480 | 3688576 | 9% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 16 | 7 | 9 | 14933193 | 4196214 | 28% |
| ഐ സി ഡി എസ് സൂപ്പർ വൈസർ | 13 | 13 | - | 6121340 | 5741422 | 94% |
| സെക്രട്ടറി | 22 | 18 | 4 | 6951660 | 5153935 | 74% |
| ഹെഡ്മാസ്റ്റർ | 5 | 5 | 0 | 1512600 | 447600 | 30% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 80 | 70 | 10 | 24872942 | 20644814 | 83% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 0 | 1234125 | 913738 | 74% |

ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 17411800 | 13146731 | 75.5% |
| എസ്.സി.പി. | 3979107 | 3686615 | 92.64 |
| ടി.എസ്.പി. | 3801555 | 2658555 | 70% |
| ധനകാര്യകമ്മിഷൻ അവാർഡ് | 8944122 | 5546504 | 62% |

| | | | |
|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട് | 800000 | 792534 | 99% |
| സംസ്ഥാനാവിഷ്കൃത ഫണ്ട്. | 22163453 | 59519 | 0.26% |
| ബ്ളോക്ക് പഞ്ചായത്ത് | 5890913 | 1494009 | 25% |
| മറ്റ് ജില്ലാ പഞ്ചായത്ത് | 7711620 | 534875 | 6.9% |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 5627000 | 5232334 | 93% |
| മെയിന്റനൻസ് ഫണ്ട് റോഡ് | 14452000 | 13053121 | 90% |
| മറ്റുള്ളവ | 11508450 | - | 0% |
| ആകെ | 102849611 | 46630031 | |

**2) ആസൂത്രണ സമിതി**

1. പതിന്നാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022/തസ്വഭവ തീയതി 19.04.2022, 3.1.1 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1ന് മുമ്പ് നിലവിലുള്ള ആസൂത്രണ സമിതികൾ ആവശ്യമെങ്കിൽ പുനസംഘടിപ്പിക്കേണ്ടതാണ്. ആഡിറ്റ് എൻക്വയറി 05/23, 24/11/23പ്രകാരം ലഭ്യമായ മറുപടിയിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30/12/2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതിയുടെ ആദ്യ യോഗം കൂടിയിട്ടുണ്ടെങ്കിലും പുന:സംഘടിപ്പിച്ചിട്ടില്ല എന്നറിയിച്ചു.

2. പുനസംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം മാർഗ്ഗരേഖയുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം 1ൽ രേഖപ്പെടുത്തേണ്ടതും അത് തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളുടേയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിലുള്ള നടപടിക്രമം പാലിച്ചിട്ടില്ല.

3. മാർഗ്ഗ രേഖയുടെ 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർച്ചിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥ പാലിച്ചിട്ടില്ല. കൂടാതെ മാർഗ്ഗരേഖയുടെ 3.1.1 ബി 1 മുതൽ 17വരെ പ്രതിപാദിക്കുന്ന ആസൂത്രണസമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ല. ആസൂത്രണ സമിതി 2022-23 സാമ്പത്തിക വർഷത്തിൽ ആകെ ഒരു പ്രാവശ്യം മാത്രമാണ് യോഗം കൂടുകയുണ്ടായത് (23/5/22- ൽ).

**3) വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം**

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചപ്പോൾ ലഭ്യമായ വിവരങ്ങൾ താഴെപറയും പ്രകാരമാണ്.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന വാർഡ് സഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തര ത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)13 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ മിന്‌ട്സ് പരിശോധിച്ചപ്പോൾ അവയിലെ നിർദ്ദേശങ്ങൾ പ്രോജക്ടുകളായി മാറിയിട്ടില്ല എന്നു കണ്ടു.

**4) സ്റ്റാറ്റസ് റിപ്പോർട്ട്**

സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിച്ചിട്ടുണ്ട്. ഇതിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (5/24/11/23) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | ലഭിച്ച മറുപടി |
|---|---|---|---|---|
| 1 | വികസനമേഖല | ഗുരുതരം | അങ്കണവാടികൾക്ക് സ്ഥലം,കെട്ടിടം എന്നിവ ലഭ്യമല്ല. | പരിഹാര നടപടിയ്ക്കായി പ്രോജക്ട് രൂപീകരിക്കുന്നതാണ്. |
| 2 | ആരോഗ്യം | ഗുരുതരം | മാലിന്യ നിർമ്മാജ്ജനം, ഗൃഹമാലിന്യംസംസ്കരണത്തിന് | പരിഹാര നടപടികൾ ക്കായി പ്രോജക്ടുകൾ രൂപികരിച്ചിട്ടുണ്ട്. |
| 3 | വിദ്യാഭ്യാസം | ഗുരുതരം | സ്കൂളുകൾക്ക് ഫർണീച്ചർ, കളിസ്ഥലം ലഭ്യമാക്കുക | തുടർന്നുള്ള വർഷങ്ങളിൽ പ്രോജക്ടുകൾ രൂപീകരി ക്കുന്നതാണ്. |

**5) ഗ്രാമസഭകൾ**

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1 (1) പ്രകാരം വികസനപരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്.

ഗ്രാമസഭാമിനിട്സുകൾ പരിശോധിച്ചതിൽ അത്തരത്തിലുള്ള പ്രവർത്തനം നിർവ്വഹിച്ചിട്ടില്ല.

2022-23 വർഷത്തെ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി ചട്ടങ്ങൾ) എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് പല ഗ്രാമസഭാ യോഗങ്ങളും നടത്തിയിരിക്കുന്നതെന്ന് കാണുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്നുണ്ട് എന്നാൽ ആ നിർദ്ദേശം പാലിച്ചിട്ടില്ല. എല്ലാ വാർഡുകളിലെയും ഗ്രാമസഭാ യോഗം വർഷത്തിൽ നാലു പ്രാവശ്യം നടന്നിട്ടുണ്ടെങ്കിലും ഗ്രാമസഭ മിനിട്സ് പൂർണമാക്കി കൺവീനറും കോ-ഓർഡിനേറ്ററും സാക്ഷ്യപ്പെടുത്തണം. അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

പാർശ്വവത്ക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു മുൻഗണനകളാണ്. ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹികനീതി ഉറപ്പു വരുത്തുന്നതിനും ആവശ്യമായ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാ ചുമതലയാണ്. ഇത്തരത്തിലുള്ള പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുന്നതും തുക വകയിരുത്തിയ ശേഷം ചെലവഴിക്കാതിരിക്കുന്നതും ഒരുപോലെ കുറ്റകരമാണ്. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ

വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നുറപ്പു വരുത്തുന്നതിനും, ഗ്രാന്റുകൾ പാഴാകാതിരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതും മാർഗ്ഗരേഖപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-6 ക്ഷേമപദ്ധതികൾ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1382000 | 104 |
| 2 | വിധവ പെൻഷൻ | 10149500 | 868 |
| 3 | വാർദ്ധക്യകാല പെൻഷൻ | 21047100 | 1954 |
| 4 | വികലാംഗ പെൻഷൻ | 3547400 | 254 |
| 5 | 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 164800 | 15 |
| 6 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 380000 | 12 |

## 1-7 ആഭ്യന്തര നിയന്ത്രണം

1.ഡിമാൻറ്ചെയ്ത നികുതി പിരിച്ചെടുക്കുന്നതിന് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. നികുതി ശതമാനം കുറഞ്ഞതിനാൽ വികസന ഫണ്ട് 1,57,430/ രൂപ കുറവ് ചെയ്താണ് ലഭിച്ചത്.

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിട വിസ്തീർണം കൃത്യമാക്കുകയും 2013 ഒന്നാം അർദ്ധവർഷം മുതൽ നികുതി വർദ്ധിപ്പിച്ച് കുടിശ്ശിക ഈടാക്കേണ്ടതുമാണ്.

3. അസറ്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4. മോണിറ്ററിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

5.യോഗ നടപടികൾ സമയബന്ധിതമായി അംഗീകരിക്കുന്നില്ല.

5. മാർഗ്ഗ രേഖഅനുശാസിക്കും പ്രകാരം മാത്രം പ്രോജക്ടുകൾ നിർവഹിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

6.ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട അനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

7. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ പെടുന്ന ഖരമാലിന്യ സംസ്കരണം പോലെയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.12.2023, 12.00 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1214/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1964 | 1646440 | 1648404 | 172282 | 2322* |
| ഗുണഭോക്താക്കൾക്ക് | 0 | 130100383 | 130100383 | 130100383 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 1964 | 131746823 | 131748787 | 130272665 | 2322 |

*നീക്കിയിരിപ്പ് വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. I-14(C)യും I-14(F) ചേർന്നുള്ള ആകെ ചെലവ് തുക I-6 മായി പൊരുത്തപ്പെടുന്നില്ല.

## 1-9-1 എം.ജി.എൻ.ആർ.ജി.എസ് പ്രവൃത്തികൾ - അവലോകനം

എം.ജി.എൻ.ആർ.ജി.എസ് ൽ ഉൾപ്പെടുത്തി തൻവർഷം നിർവഹിച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരം

| ഇനം | നടപ്പിലാക്കിയവയുടെ എണ്ണം |
|---|---|
| കോഴിക്കൂട് നിർമാണം | 80 |
| മിനി എം.സി.എഫ് നിർമാണം | 13 |
| ഫാം പോണ്ട് നിർമാണം | 2 |
| കമ്പോസ്റ്റ് പിറ്റ് നിർമാണം | 120 |
| ആട്ടിൻകൂട് നിർമാണം | 22 |
| സോക്പിറ്റ് നിർമാണം | 9 |
| കക്കൂസ് നിർമാണം | 33 |
| തൊഴുത്ത് നിർമാണം | 12 |
| അസോള ടാങ്ക് നിർമാണം | 14 |
| കിണർ നിർമാണം | 16 |
| കിണർ റീചാർജ് നിർമാണം | 6 |
| തോട് പുനരുദ്ധാരണം | 2 |
| റോഡ് കോൺക്രീറ്റ് & തോട് പുനരുദ്ധാരണം (മെറ്റീരിയൽ വർക്ക്) | 35 |
| ഫലവൃക്ഷത്തൈ ഉത്പാദനവും പരിപാലനവും | 1 |
| കല്ല് കയ്യാല , തട്ട് തിരിക്കൽ, മഴക്കുഴി നിർമാണം | 149 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1). കരാറുകാർക്ക്, സിമന്റിന് മാർക്കറ്റ് വിലയേക്കാൾ അധികം തുക അനുവദിച്ചു

തൊഴിലുറപ്പുപദ്ധതി പ്രകാരം നിർവ്വഹണം നടത്തിയ മെറ്റീരിയൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ കോഡ് 0367 പ്രകാരം ഒരു ടൺ സിമന്റിന് 11520/ രൂപയാണ്. ഇത് പ്രകാരം 50 കിലോയുള്ള ഒരു പായ്ക്കറ്റ് സിമന്റിന്റെ വില 576/രൂപ വരും . ഇതാണെങ്കിൽ മാർക്കറ്റ് നിരക്കിനേക്കാൾ വളരെയധികം ഉയർന്ന നിരക്കുമാണ്.17.08.2022 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടറുടെ കത്തിൽ, ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 തിയതിയിലെ OMB/ALP/AW20/2022 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ സിമന്റിന് സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്കായി രേഖപ്പെടുത്തിയിരിക്കുന്നത് പാക്കറ്റിന് ₹ 630 രൂപയാണെന്നും, എന്നാൽ യഥാർത്ഥ മാർക്കറ്റ് നിരക്ക് പാക്കറ്റിന് ₹430-ൽ താഴെയാണെന്നതിനാലും, പാക്ക്ഡ് കമ്മോഡിറ്റിയായ സിമന്റിന് പാക്കറ്റിൽ രേഖപ്പെടുത്തിയ പരമാവധി തുകയേക്കാൾ അധികം നല്കി വാങ്ങാനാവില്ലെന്നതിനാലും, സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ എടുക്കുന്ന കരാറുകാരൻ, സിമന്റ് വിതരണം ചെയ്യുമ്പോൾ നൽകുന്ന GST ബില്ലിൽ, നൽകുന്ന ബ്രാന്റിന്റെ പേരും, യൂണിറ്റ് നിരക്ക്, പാക്കറ്റുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തണമെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രം അനുവദിക്കേണ്ടതാണെന്നും നിഷ്കർച്ചിട്ടുണ്ട്.പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല.

2) ടെണ്ടറുകൾക്ക് മത്സര സ്വഭാവം ഇല്ല. അതിനാൽ തന്നെ എസ്റ്റിമേറ്റ് നിരക്കിലാണ് കൂടുതൽ പ്രവൃത്തികളും നിർവഹിച്ചിട്ടുള്ളത്.

3)ടെണ്ടർ കുറവ് വെണ്ടർമാരിൽ നിന്ന് ഈടാക്കിയിട്ടില്ല . ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം: | വർക്കിന്റെ പേര് / എം.ബുക്ക് നം. | ടെണ്ടർ കുറവ് | ആകെ ചെലവു തുക | മെറ്റീരിയൽ ചെലവ് | കുറവു ചെയ്യേണ്ട തുക | അനുവദിച്ച തുക | അനുവദിക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|---|---|---|
| 1 | തേരിയിൽ വിള നടപ്പാത കോൺക്രീറ്റ് /462/2022-23 | 6.5% | 459943 | 383660 | 24938 | 383660 | 358722 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:36 തിയതി:02/12/23) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച അപാകതകൾ ഒഴിവാക്കി പദ്ധതി നിർവഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 08.03.2022 മുതൽ 10.03.2022 വരെ | 01.01.2021 മുതൽ 31.07.2021 വരെ |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.03.2014 മുതൽ 20.03.2014 വരെ | 2008-09 മുതൽ 2012-13 വരെ |

## 1-11 വസ്തുനികുതി ചുമത്തിയതിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിയുടെ വിശദവിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A.പഞ്ചായത്ത് അംഗീകരിച്ച വസ്തുനികുതി നിരക്ക് കെട്ടിടത്തിന് ചുമത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

2/8 നമ്പർ കെട്ടിടം സഞ്ചയ പരിശോധിച്ചതിൽ 117.23 M2 വിസ്തീർണമുള്ളതും, ഷോപ്പിംഗ് മാൾ എന്ന ഉപയോഗക്രമത്തിലുമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.2013 മുതൽ പ്രസ്തുത കെട്ടിടത്തിന് അടിസ്ഥാന നികുതിയായി 1 M2-ന് 30/-രൂപ എന്ന നിരക്കിൽ നികുതി ഈടാക്കുന്നു. എന്നാൽ പഞ്ചായത്ത് അംഗീകരിച്ച വസ്തു നികുതി നിരക്ക് 50/-രൂപയാണ്. പ്രസ്തുത കെട്ടിടത്തിന് 30/-രൂപ അടിസ്ഥാന നിരക്കിൽ നികുതി നിശ്ചയിക്കുക വഴി നികുതി അടിസ്ഥാന നികുതിയിൽ മാത്രം നഷ്ടം പ്രതിവർഷം 2344/-(117.23x30=3517,117.23x50=5861.5861-3517=2344 /-)രൂപയാണ്. ഇപ്രകാരം നികുതിയിനത്തിൽ സംഭവിക്കുന്ന നഷ്ടത്തിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 29/29.11.23 -ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. 1994-ലെ കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 234(3) പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായെന്ന് കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് പ്രതിപാദിക്കുന്നതിനാൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

B.കെട്ടിടത്തിന്റെ വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്നില്ല.

8/156f നമ്പർ കെട്ടിടത്തിന്റെ കെട്ടിട നമ്പർ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മറ്റ് അടിസ്ഥാന വിവരങ്ങളും നികുതി വിവരങ്ങളും സഞ്ചയയിൽ ലഭ്യമല്ല. ആയതിനാൽ കെട്ടിടത്തിന്റെ ഉപയോഗം, വിസ്തീർണം, നികുതി നിരക്ക് തുടങ്ങിയവയുടെ വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 14/27.11.23 -ന് കെട്ടിടം പരിശോധിച്ച് തുടർവിവരങ്ങൾ അറിയിക്കുന്നതാണെന്ന് അറിയിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. ആയതിനാൽ പ്രസ്തുത കെട്ടിടം സാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടെ പരിശോധിച്ച് സഞ്ചയയിൽ രേഖപ്പെടുത്തി തുടർനടപടി വിവരം

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

C.കെട്ടിടങ്ങളുടെ പൂർണ്ണവിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുന്നില്ല.

കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് നമ്പർ ലഭിക്കുന്നതിനായി കെട്ടിട ഉടമ സമർപ്പിക്കുന്ന ഫോം നമ്പർ 2 പരിശോധിച്ച് വിവരങ്ങൾ ശേഖരിച്ച് മുഴുവൻ വിവരങ്ങളും സഞ്ചയയിൽ രേഖപ്പെടുത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. എന്നാൽ സഞ്ചയ പരിശോധനയിൽ കെട്ടിടങ്ങളുടെ പെർമിറ്റ് വിവരങ്ങളും മറ്റ് അവശ്യം വേണ്ട വിവരങ്ങളും പൂർണമായും രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടെത്തി. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 14/27.11.23 -ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹിക്കുന്നതാണെന്ന് അറിയിച്ചു. കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിന് മുമ്പ് കെട്ടിടങ്ങളുടെ മുഴുവൻ വിവരങ്ങളും സഞ്ചയയിൽ രേഖപ്പെടുത്തിയെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

D.സർക്കാർ,കേന്ദ്രസർക്കാർ കെട്ടിടങ്ങളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

E.റവന്യൂ വകുപ്പിന്റെ ഒറ്റതവണ നികുതി അടവാക്കാത്ത കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നു.

തദ്ദേശ സ്വയംഭരണ(ആർ.ഡി) വകുപ്പിന്റെ 9-7-2015-ലെ സ.ഉ.(എം.എസ്) 231/2015 നമ്പർ ഉത്തരവ് പ്രകാരം പുതിയതായി കെട്ടിട നമ്പർ അനുവദിക്കുമ്പോഴോ, നിലവിലുള്ളവയോട് കൂട്ടിച്ചേർക്കപ്പെട്ട് നികുതി ചുമത്തുമ്പോഴോ, വാസഗൃഹങ്ങൾക്ക് 100m2-ന് മുകളിലും, വാണിജ്യകെട്ടിടങ്ങൾക്ക് 50m2 മുകളിൽ വിസ്തീർണം അധികരിക്കുകയാണെങ്കിൽ പ്രസ്തുത കെട്ടിടത്തിന് റവന്യൂ വകുപ്പിൽ അടവാക്കിയ ഒറ്റതവണ കെട്ടിടനികുതിയുടെ ആദ്യ ഗഡു അടവാക്കിയ രസീതിന്റെ പകർപ്പോ അല്ലായെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ സമർപ്പിച്ചതിന്റെ രേഖയോ ഹാജരാക്കിയാൽ മാത്രമേ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണം തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ നൽകാവുവെന്ന് അനുശാസിക്കുന്നു.എന്നാൽ 2022-23 വർഷത്തിൽ നമ്പർ നൽകിയ ഏതാനും ഫയലുകൾ പരിശോധിച്ചതിൽ മേൽ ഉത്തരവിന് വിധേയമായ ഒറ്റതവണ നികുതി അടവാക്കിയതിന്റെയോ, വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ സമർപ്പിച്ചതിന്റെ രേഖയോ ഹാജരാക്കാത്ത ചില കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതായി കണ്ടെത്തി. തുടർവർഷങ്ങളിൽ മേൽ ഉത്തരവ് പാലിക്കുന്ന കെട്ടിടങ്ങൾക്ക് മാത്രം നമ്പർ നൽകേണ്ടതാണ്. മേൽ വിവരിച്ച അപാകങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചർച്ച ചെയ്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവർ -വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ ഊർജിത നടപടി സ്വീകരിക്കണം.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ അടവാക്കേണ്ട വസ്തുനികുതി കുടിശ്ശിക സഞ്ചയയിൽ പരിശോധിച്ചതിൽ 2023 ആദ്യ പകുതി വരെ 287227/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി കണ്ടെത്തി.പ്രസ്തുത കുടിശ്ശികയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിടനമ്പർ | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|
| 1/44 | ജില്ലാ ടെലികോം ഓഫീസർ | 2013 മുതൽ 2023 ഒന്നാം പകുതി വരെ | 85096/- |
| 1/57 | Reliance Infratel Ltd | 2019മുതൽ 2023 ഒന്നാം പകുതി വരെ | 45568/- |
| 4/32 | ജില്ലാ ടെലികോം ഓഫീസർ | 2018മുതൽ 2023 ഒന്നാം പകുതി വരെ | 48731/- |
| 4/263 | ജില്ലാ ടെലികോം ഓഫീസർ | 2019മുതൽ 2023 ഒന്നാം പകുതി വരെ | 24947/- |
| 11/318 | ജില്ലാ ടെലികോം ഓഫീസർ | 2013 മുതൽ 2023 ഒന്നാം പകുതി വരെ | 82885/- |

മേൽ വിവരിച്ച ടവറുകളിൽ നിന്നും കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിക്കുന്നതിനായി സർക്കുലർ നം.40395/RC2/2014/L.S.G.D തീയതി 19-10-2014 പ്രകാരം സ്പെഷ്യൽ ഡ്രൈവ് നടത്തിയതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 4/23-ന് നൽകിയ മറുപടിയിൽ കുടിശ്ശിക പിരിച്ചെടുക്കാൻ റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായും, എന്നാൽ സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടില്ലായെന്നും അറിയിച്ചു. ഇതിൽ നിന്നും മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ റവന്യൂ റിക്കവറി നോട്ടിസുകൾ നൽകിയതല്ലാതെ മറ്റ് ശക്തമായ നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും നാളിതവരെ ഉണ്ടായിട്ടില്ലായെന്ന് നിരീക്ഷിക്കുന്നു. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ സർക്കാർ നിർദ്ദേശിക്കുന്ന നിയമാനുസൃത നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 പെർമിറ്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.

2019- ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സെക്രട്ടറിയിൽ നിന്നും ആദ്യമേ കെട്ടിടനിർമ്മാണ അനുമതി ലഭിക്കാതെയും, കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ സെക്രട്ടറിയിൽ നിന്നുള്ള അനുമതിയായി കണക്കാക്കാവുന്ന കൈപ്പറ്റ് രസീത് ലഭിക്കാതെയും ഏതൊരു വ്യക്തിയും കെട്ടിട നിർമ്മാണം

നടത്തുകയോ പുനർനിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ, വിപുലീകരിക്കുകയോ, മാറ്റം വരുത്തുകയോ പാടില്ലാത്തതാണ്. ചട്ടം 5(1)(സി) പ്രകാരം അനുമതിയ്ക്കായി അപ്പന്റിക്സ് AIA യിലുള്ള സ്വയം സാക്ഷ്യപ്പെടുത്തലും ചട്ടം19എ യിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം സെക്രട്ടറി മുമ്പാകെ ഫയൽ ചെയ്യേണ്ടതും, അപ്രകാരം ലഭിച്ച അപേക്ഷകളിൽ അപാകങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ 10 ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. ചട്ടം 9, 12 പ്രകാരം അപാകങ്ങൾ പരിഹരിച്ച് രേഖകൾ ലഭ്യമായി കഴിഞ്ഞാൽ 15 ദിവസത്തിനകം അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതും, അംഗീകരിച്ചാൽ അപ്പന്റിക്സ് J2 വിലേതു പോലെ സൈറ്റ് പ്ലാൻ സാക്ഷ്യപ്പെടുത്തി അപ്പന്റിക്സ് B2 പ്രകാരം ഷെഡ്യൂൾ 11 പ്രകാരമുള്ള പെർമിറ്റ് ഫീസ് ഒടുക്കി പെർമിറ്റ് നൽകേണ്ടതുമാണ്. 2022-23 ലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റ് അപേക്ഷകൾ അപാകതയുണ്ടെങ്കിൽ ആയത് അപേക്ഷകനെ രേഖാമൂലം അറിയിച്ചതായി രേഖപ്പെടുത്താതെ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പെർമിറ്റ് നൽകിയിട്ടില്ലായെന്ന് കണ്ടെത്തി.ഉദാ.ചുവടെ ചേർക്കുന്നു.

| പെർമിറ്റ് ഫയൽ | അപേക്ഷ സമർപ്പിച്ച തിയതി | പെർമിറ്റ് അനുവദിച്ച തിയതി |
|---|---|---|
| SC2-3447/22 | 31/10/2022 | 8/12/2022 |
| SC2-4860/22 | 1/12/2022 | 1/2/2023 |
| SC2-117/23 | 7/1/23 | 24/3/2023 |
| SC2-175/23 | 10/1/2023 | 14/3/2023 |
| SC2-5083/23 | 21/12/2022 | 6/2/2023 |

പെർമിറ്റുകൾ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നൽകാത്തതിനുള്ള വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 6/24.11.2023 ന് ലഭ്യമാക്കിയ മറുപടിയിൽ സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ടുകൾ ലഭിക്കുന്നതിലെ കാലതാമസവും, പെർമിറ്റ് ഫീ അടവാക്കുന്നതിലെ കാലതാമസവുമാണ് പെർമിറ്റുകൾ സമയബന്ധിതമായി നൽകാൻ സാധിക്കാത്തതെന്ന് അറിയിച്ചു. പെർമിറ്റുകൾ നിശ്ചിതസമയപരിധിക്കുള്ളിൽ നൽകുന്നതിനുള്ള സത്വര നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

## 1-14 തനത് വരവ് ഇനങ്ങളിലെ പ്രധാന നിരീക്ഷണങ്ങൾ

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് പഞ്ചായത്തിലെ വിഭവസമാഹരണത്തിന്റെയും വരവിനങ്ങളുടെ വ്യാപ്തിയും ആയതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ലഭ്യമാക്കാൻ നൽകിയ 1/2023-ന് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

1. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. പഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്ക് സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

2. ബജറ്റും വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിക്കുകയോ ആയത് പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയതായോ കാണുന്നില്ല.

3.കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവയിലെ കുടിശ്ശിക പിരിച്ചെടുക്കുവാൻ നോട്ടീസുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചു. എന്നാൽ ക്യാമ്പ് കളക്ഷൻ, നോട്ടീസ് നൽകൽ, റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി 6,39,005/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ക്രിയാത്മക നടപടികൾ ശുപാർശ ചെയ്തിട്ടില്ല. പൊളിച്ചുകളഞ്ഞ കെട്ടിടങ്ങളുടെ വിവരം അടങ്ങുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി 01.04.2023 മുതലുള്ള വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കാൻ ജനറൽ കമ്മറ്റിക്ക് ശുപാർശ ചെയ്തുവെന്ന് അറിയിച്ചുവെങ്കിലും തീരുമാന നമ്പരോ തീയതിയോ ലഭ്യമാക്കിയില്ല.

5. വിവിധയിനം നികുതി നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്, പിരിവ് പുരോഗതി എന്നിവ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ നികുതി പിരിവ് പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി പ്രത്യേക യോഗങ്ങൾ ചേരുന്നില്ല.

വസ്തുനികുതി

1.2022-23 സാമ്പത്തികവർഷത്തിൽ 100% വസ്തുനികുതി പിരിവ് കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. വസ്തുനികുതി കുടിശ്ശിക നിലനിലനിക്കുന്നതിനാൽ വസ്തുനികുതിയുടെ പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.

2. ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ എൽ ജി എം എസ് വരവ്, സഞ്ചയ വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല. ഡി.സി.ബി.യിലേയും വാർഷികധനകാര്യ പത്രികയിലേയും വസ്തുനികുതി ബാലൻസ് പൊരുത്തപ്പെടുന്നില്ല. E-payment വഴി വരുന്ന എല്ലാ വരവുകളും മാർച്ച് 31 ന് ബാങ്കിൽ ക്രെഡിറ്റ് ആകുന്നില്ല. അതിനാൽ സഞ്ചയയിലെ വരവും ILGMS വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3.സ.ഉ.(അച്ചടി) 25/2023 /തസ്വഭവ, തീയതി 5/4/2023 പ്രകാരം നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മേൽ നിരക്കുകൾ 20.10.2023 ലെ 9(2) തീരുമാനപ്രകാരം ഭരണ സമിതി അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു.

4.തദ്ദേശ സ്ഥാപന പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുകൾക്കും നികുതി കുടിശ്ശിക ഇല്ലായെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

5.പഞ്ചായത്തിൽ നിലവിൽ സേവന ഉപനികുതി ചുമത്തുന്നില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ ധനകാര്യ കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടില്ല.

6. ILGMS ൽ ക്യാൻസൽ ചെയ്യുന്ന എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്യുന്നുണ്ടെന്നും, കൂടാതെ എല്ലാ മാനുവൽ രസീതുകളും സഞ്ചയയിൽ രേഖപ്പെടുത്തുന്നുണ്ടെന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്.

7.ഉദ്യോഗതല ഫീൽഡ് പരിശോധന നടത്തി കൂട്ടിച്ചേർക്കപ്പെട്ട കെട്ടിടങ്ങൾക്ക് ടാക്സ് റിവിഷൻ നടത്തിയതായി അറിയിച്ചുവെങ്കിലും ആയതിന്റെ ഫയൽ ലഭ്യമാക്കിയിട്ടില്ല.

8.മുൻവർഷങ്ങളിൽ നമ്പർ നൽകിയ കെട്ടിടങ്ങൾ ഉദ്യോഗതല പോസ്റ്റ് ഓഡിറ്റിന് വിധേയമാക്കാതെയാണ് സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ സഞ്ചയയിൽ രേഖപ്പെടുത്തുന്നത്.

9.തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർചാർജ് ഈടാക്കുന്നതിന്റെ വിവരവും ലഭ്യമല്ല.

11.കെട്ടിടങ്ങളുടെ പെർമിറ്റ് ,നമ്പറിംഗ് എന്നിവ ഒരേ ഫയലിൽ സൂക്ഷിക്കുന്നില്ല.

12.അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ നിയമാനുസൃതം തയ്യാറാക്കുകയോ, കാലികമാക്കുകയോ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു.

തൊഴിൽനികുതി

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും , നടപടികൾ പൂർത്തീകരിച്ചതായും തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതായി ബോധ്യപ്പെടുത്താൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. റേഷൻ വ്യാപാരികൾ, സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ ജീവനക്കാർ, മരാമത്ത് കരാറുകാർ എന്നിവരിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3. തൊഴിലുടമ നല്കുന്ന നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത് എന്നത് വ്യക്തമല്ല. നികുതി പത്രികകളുടെ കൃത്യത പരിശോധിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

4. ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലൈസൻസ് നൽകുന്ന വഴി പൂർണതോതിൽ വരുമാനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സാധ്യമല്ല.

5. പഞ്ചായത്തിലെ തൊഴിൽ നികുതി അടവാക്കാനുള്ള ഗവ/സ്വകാര്യസ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന തൊഴിൽ നികുതി രജിസ്റ്ററിൽ എല്ലാ സ്ഥാപനങ്ങളുടെ വിവരങ്ങളും, അടവാക്കുമ്പോൾ നൽകുന്ന രസീതുകളുടെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ അപൂർണമായും, ഡിമാൻഡ്, വരവ്, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം എഴുതാതെയും, സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയും സൂക്ഷിച്ചിരിക്കുന്നു.

6. ഇൻഡോർ ക്ലബ്, ടർഫ് കോർട്ട്, സ്റ്റേഡിയങ്ങൾ, കേബിൾ ടി.വി.നെറ്റ് വർക്ക്, പ്രദർശന വിപണന മേള എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുവാനുള്ള സാധ്യത ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ ഭരണസമിതിയോ ശുപാർശ ചെയ്തിട്ടില്ല.

7. പഞ്ചായത്തിന് സ്വന്തമായ ആസ്തികളുടെ ഭൗതിക പരിശോധന നടത്തി കാലികമായ ആസ്തി രജിസ്റ്റർ നാളിതുവരെ തയ്യാറാക്കിയിട്ടില്ല.

8. വാർഷിക ധനകാര്യപത്രിക പ്രകാരം പഞ്ചായത്തിന്റെ സ്വന്തം മാർക്കറ്റിലെ ഗേറ്റ് ഫീ ഇനത്തിൽ മുൻവർഷത്തിൽ ലഭിക്കേണ്ട കുടിശ്ശിക പൂർണമായും പിരിച്ചെടുത്തിട്ടില്ല.

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും മേൽ വിവരിച്ച അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ചെലവ് രേഖകൾ ഹാജരാക്കിയില്ല- 442488/- രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു.

A)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജില്ലാ ക്യാൻസർ നിയന്ത്രണപരിപാടി |
| പ്രോജക്ട് നം | 118/23 |
| അടങ്കൽ തുക | 25000 (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് തുക | 25000 |
| ബിൽ നം/ തീയതി | 37/22-23 29.03.23 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |

പഞ്ചായത്തിൽ ക്യാൻസർ നിയന്ത്രണങ്ങൾക്കായി ക്യാമ്പ്, മരുന്നവാങ്ങൽ എന്നിവയാണ് പദ്ധതി ലക്ഷ്യമിട്ടത്. ഇതിനായി 25000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ലഭ്യമാക്കിയ ബിൽ/വൌചർ പ്രകാരം 23500/-രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ബാക്കി തുകയായ 1500/- രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

B)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആർദ്രം |
| പ്രോജക്ട് നം | 76/23 |
| അടങ്കൽ തുക | 838000 (1,20,000/- വികസനഫണ്ട് പൊതുവിഭാഗം<br>7,18,000- മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് തുക | 758158 |
| ബിൽ നം/ തീയതി | 37/29.03.23 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (FHC) |

അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള FHC യുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്നതാണ് ആർദ്രം പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിക്കായി 758158/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 376300/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ബാക്കി തുകയായ 381858/- രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

C)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആംബുലൻസ് ഡ്രൈവർക്ക് ശമ്പളം |
| പ്രോജക്ട് നം | 183/23 |
| അടങ്കൽ തുക | 98550 (മെയിന്റനൻസ് ഫണ്ട് – റോഡിതരം) |
| ചെലവ് തുക | 78840 |
| ബിൽ നം/ തീയതി | 19/26.12.2022 – 19710/-<br>21/06.01.2023 – 19710/-<br>28/06.02.2023 – 19710/-<br>29/10.03.2023 – 19710/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ ( എഫ്.എച്ച്.സി) |

പഞ്ചായത്ത് വാങ്ങിയ ആംബുലൻസിലെ ഡ്രൈവർക്ക് ശമ്പളം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിനായി 78840/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുകയിൽ 19710/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കി തുകയായ 59130/- രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. പ്രസ്തുത വിഷയങ്ങളിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 15/22-23 തീയതി 27.11.2023 ന്

മറുപടി ലഭ്യമാക്കിയില്ല.

മേൽ പ്രോജക്ടുകളിൽ പരിശോധനയ്ക്ക് ഹാജരാകാത്ത ചെലവ് രേഖകളുടെ ആകെ തുകയായ 442488/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 രേഖകൾ ഹാജരാക്കിയില്ല - 40000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മൂങ്ങോട് സബ് സെന്ററിന് കസേര വാങ്ങൽ |
| പ്രോജക്ട് നം | 117/23 |
| അടങ്കൽ തുക | 40000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് തുക | 40000 |
| ബിൽ നം/ തീയതി | 20/26.12.2022 - 15045/-<br>24/16.01.23 - 12000/-<br>32/23.03.23 - 12955/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |

പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിനായി 40000/- ചെലവഴിച്ച് Bali Home Centre എന്ന സ്ഥാപനത്തിൽ നിന്നും ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. വാങ്ങലുമായി ബന്ധപ്പെട്ട ക്വട്ടേഷൻ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-16/2022-23 (27.11.2023) -ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ക്വട്ടേഷൻ, സ്റ്റോക്ക് വിശദാംശങ്ങൾ എന്നിവയുടെ അഭാവത്തിൽ 40000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്റർ, ക്വട്ടേഷൻ രേഖകൾ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 ഇൻവോയിസ് ഹാജരാക്കിയില്ല - 86730/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹെൽത്ത് ആന്റ് വെൽനസ് സെന്റർ വിപുലികരിക്കൽ |
| പ്രോജക്ട് നം | 167/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്സി) |
| ഫണ്ടിനം | ഹെൽത്ത് ഗ്രാന്റ് |
| അടങ്കൽ തുക | 210000 |
| ചെലവ് തുക | 168946 |
| എ,സി.ആർ ബിൽ നം/ തീയതി | 92/15.12.2022 - 86730/-<br>141/17.01.23 - 44000/-<br>314/25.03.23 - 38216/- |

ഹെൽത്ത് ആന്റ് വെൽനെസ് സെന്ററിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിനായി ബിൽ നം-95/22-23 പ്രകാരം Bali Home Centre എന്ന സ്ഥാപനത്തിന് 86730/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വാങ്ങിയ ഉപകരണങ്ങളുടെ ഇൻവോയിസ് ഹാജരാക്കിയില്ല. ആയതിനാൽ പ്രസ്തുത തുക ഉപയോഗിച്ച് ഏതിനമാണ് വാങ്ങിയതെന്ന് ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചില്ല. കൂടാതെ പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ബിൽ നം-92/15.12.2022 പ്രകാരം വാങ്ങിയ സാധനങ്ങളുടെ ഇൻവോയ്സ് ഹാജരാക്കാത്തതിനാൽ 86730/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-18 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ,ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS"-എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 2/23, 24.11.2023 ന് ലഭ്യമാക്കിയ മറുപടിയിൽ വാഹനങ്ങളുടെ വിവരങ്ങൾ "VEELS"-എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടില്ലായെന്ന് അറിയിച്ചു. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്താതെ വാഹനങ്ങൾക്കായി തുക ചെലവഴിക്കുന്നത് സർക്കാർ സർക്കുലറിന്റെ ലംഘനമായി മാറുന്നതിനാൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 ആർ-ട്രാക്ക് രൂപീകരണം - പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

പതിനാലാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ- ജി.ഒ (എം.എസ്) നമ്പർ 84/2022/ ത.സ്വ.ഭ.വ., തീയതി 19/4/22 ലെ ഖണ്ഡിക 8-14 പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം, റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. അതോടൊപ്പം തന്നെ സ്വാഭാവിക ജലനിർഗ്ഗമനം സുഗമമാക്കുന്നതിനുള്ള ഡ്രെയിനേജ് പ്ലാനും തയ്യാറാക്കണം. നിലവിലുള്ള റോഡുകൾക്കും പുതിയ റോഡുകൾക്കും ഡ്രെയിനേജ് സംവിധാനം ഉറപ്പ് വരുത്തണം. ഗ്രാമ പഞ്ചായത്ത് തൻവർഷം നിരവധി റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ്, റോഡുമായി ബന്ധപ്പെട്ട ഓടകൾ, സൈഡുവാളുകൾ എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയല്ല ഇവ ഏറ്റെടുത്തിരിക്കുന്നത്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നതായി ഓഡിറ്റ് എൻക്വയറിക്ക് (3/23, 24.11.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ റോഡ് കണക്ടിവിറ്റി മാപ്പിംഗ് (പ്രോജക്ട് നം. എസ്സ്-0046/23) എന്ന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 71250/- രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നമ്പർ 3/27.04.22). ടി തുക ശ്രീ.സിനുജോസഫ് എന്നയാളിന് സർവ്വെ നടത്തിയതിന് നൽകിയ തുകയാണ്. സർവ്വെയിൽ എന്തെല്ലാം വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളതെന്നും, റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ എന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/27.11.2023) ലഭ്യമാക്കിയ മറുപടിയിൽ ആർ-ട്രാക്കിന്റെ വെരിഫിക്കേഷൻ നടപടികൾ പുരോഗമിക്കുകയാണെന്നും എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് തുക തടസ്സപ്പെടുന്നതാണ്.

## 1-20 പകൽവീട് -ഗുണഭോക്താക്കളുടെ അഭാവത്തിൽ മറ്റ് വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

അമ്പൂരി ഗ്രാമപഞ്ചായത്തിൽ ചിറയ്ക്കോട് വാർഡിൽ നിലവിലുള്ള പകൽവീട് 2020-21 ൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പണികഴിപ്പിച്ച് പഞ്ചായത്തിന് കൈമാറിയതാണ്. പകൽവീടിനാവശ്യമായ റ്റി.വി., റഫ്രിജറേറ്റർ

ഉൾപ്പെടെയുള്ള സാധനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് വാങ്ങി നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. 28/05/22 ലെ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക നമ്പർ 7.1.14 (1) ൽ പകൽവീടിന്റെ നടത്തിപ്പിനായി പ്രോജക്ട് വച്ച് കെയർ ടേക്കർ തസ്തികയിൽ ആളെ നിയമിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് അത്തരത്തിലൊരു തീരുമാനവും കൈകൊണ്ടിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗുണഭോക്താക്കളുടെ അഭാവവും, പകൽവീട് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് വൃദ്ധർക്ക് എത്തിച്ചേരാനുള്ള യാത്രാ സൗകര്യ കുറവും പറയുന്നുണ്ട്. പകൽവീട് നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉള്ള പക്ഷം കെട്ടിടം പഞ്ചായത്തിന്റെ മറ്റ് എതെങ്കിലും വികസന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തേണ്ടതാണ്.

## 1-21 ഭരണസമിതി മിനിട്സുകൾക്ക് യഥാസമയം അംഗീകാരം നല്കുന്നില്ല.

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗനടപടികുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24 മണിക്കൂറിനകം പ്രസിഡന്റ് സെക്രട്ടറിയ്ക്ക് തിരിച്ച് നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ ഭരണതലത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗമിനിട്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നൽകുന്നതിൽ പ്രസിഡന്റും സെക്രട്ടറിയും തങ്ങളുടെ ഭരണപരമായ ചുമതലകൾ നിർവഹിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് ഭരണസമിതി എടുത്ത ഭരണപരമായ തീരുമാനങ്ങൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം പ്രസിഡന്റ് അംഗീകാരം നൽകാത്തതിനുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് കമ്മിറ്റി കൂടിയ തീയതി | മിനിട്സ് പ്രസിഡന്റ് അംഗീകരിച്ച തീയതി |
|---|---|
| 28/12/2022 | 17/06/23 |
| 30/12/2022 | 17/06/23 |
| 17/01/23 | 17/06/23 |
| 20/01/2023 | 17/06/23 |
| 28/01/23 | 20/07/23 |
| 11/01/23 | 20/07/23 |

ചട്ടപ്രകാരം മിനിട്സുകൾ നിശ്ചിത സമയത്തിനകം അംഗീകാരം നൽകാത്തതിനുള്ള വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് മറുപടിയായി ചട്ടപ്രകാരം മിനിട്സുകൾ നിശ്ചിത സമയത്തിനകം അംഗീകാരം നൽകാൻ ശ്രദ്ധ പുലർത്തുമെന്ന് അറിയിച്ചിട്ടുണ്ട്. (26/29.11.2023)

## 1-22 മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (19-04-2022 തീയതിയിലെ സ.ഉ.(കൈ)നം. 84/2022/തസ്വഭവ) ഉത്തരവിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും ഈ രീതിയിൽ തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് (10/25.11.2023) മറുപടിയായി ഒരു പ്രോജക്ടിന് ഗുണനിലവാരപരിശോധന നടത്തിയിട്ടുണ്ടെങ്കിലും മോണിട്ടറിംഗും നെയിംബോർഡ് സ്ഥാപിക്കലും നടന്നിട്ടില്ലെന്നും തുടർ വർഷങ്ങളിൽ എല്ലാ പ്രോജക്ടുകളും മോണിട്ടറിംഗിനു വിധേയമാക്കുമെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 14(7) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു ബോർഡ് അതാത് പ്രവൃത്തി സ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിൽ പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3)-ൽ പ്രതിപാദിച്ചിരിക്കുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ്പ്ളേ ബോർഡിൽ

രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ആയതിന് വേണ്ട തുക എസ്റ്റിമേറ്റിലുൾപ്പെടുത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിൽ മേൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. അതിന് മറുപടിയായി തുടർന്നുള്ള പ്രോജക്ടുകളിൽ നെയിം ബോർഡ് ഇനം ഉൾപ്പെടുത്തി പ്രോജക്ട് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 12.2(8) പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പു വരുത്തുന്നതിന് ഓരോ പ്രവൃത്തിക്ക് വേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മാതൃകയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത വ്യവസ്ഥയും നടപ്പിൽ വരുത്തിയിട്ടില്ല.

പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധനക്ക് പൊതുമരാമത്ത് പ്രവൃത്തികൾ വിധേയമാക്കേണ്ടതും മേൽ പരാമർശിച്ച മറ്റ് അപാകങ്ങൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-23 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 416523/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നം | ബിൽ നമ്പർ (എ.സി.ആർ പ്രകാരം) | തീയതി | തുക | തുക നൽകിയത് |
|---|---|---|---|---|---|
| 1 | 94/23 ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റ് മന്ദിരനിർമാണം വിഹിതം നൽകൽ | 45 | 26/9/22 | 350000 | ഡിസ്ട്രിക്റ്റ് പ്ലാനിംഗ് കമ്മിറ്റി ചെയർപേഴ്സൻ & മെമ്പർ സെക്രട്ടറി |
| 2 | 89/23 ഐ.കെ.എം വിഹിതം നൽകൽ | 46 | 26/9/22 | 66523 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം |
| | | | ആകെ | 416523/- | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:35 തിയതി:02/12/23) വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 416523/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 അമ്പൂരി ഫെസ്റ്റ് -വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

17/10/2022-ലെ 29 നമ്പർ തീരുമാനപ്രകാരം അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ തനതായ ഒരു ഉത്സവം വർഷം തോറും ആഘോഷിക്കുന്ന തരത്തിൽ ആസൂത്രിതമായി സംഘടിപ്പിക്കണമെന്ന അമ്പൂരി ജനതയുടെ ദീർഘനാളായുള്ള ആവശ്യത്തിന്റെയും അഭിലാഷത്തിന്റെയും സാക്ഷാത്കാരത്തിനായി ആദ്യത്തെ " അമ്പൂരി ഫെസ്റ്റ്" 2022 ഡിസംബറിൽ സംഘടിപ്പിക്കുന്നതിന് അമ്പൂരി ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചു. അമ്പൂരിയുടെ ഗിരിവർഗ്ഗ മേഖല മുതൽ അമ്പൂരിയിലെ ആധുനിക കലാകായിക പ്രതിഭകളെ വരെ അണിനിരത്തി കലാകായിക സാംസ്കാരിക രംഗത്തെ അത്യുജ്ജ്വല പരിപാടിയായി നടത്താൻ ഉദ്ദേശിക്കുന്ന അമ്പൂരി ഫെസ്റ്റിൽ കുട്ടികളുടെ പാർക്ക് മുതൽ ട്രക്കിംഗ്, ബോട്ടിംഗ് വരെയുള്ള ഉല്ലാസ പരിപാടികൾ ആസൂത്രണം ചെയ്തു. അമ്പൂരിയുടെ തനിമയിലേക്കും ടൂറിസം സാധ്യതകളിലേക്കും വഴി തുറക്കുന്നതിനും പഞ്ചായത്തിന് ഭാവിയിൽ വരുമാനത്തിന് ഉതകുന്നതുമായ രീതിയിൽ ടൂറിസം സ്പോട്ടുകളിലേക്ക് ഉള്ള യാത്രകൾ, കലാമേള, കായികമേള, ഫുഡ്ഫെസ്റ്റ്, ISRO, ANERT, കൃഷി വകുപ്പ്, പോലീസ്, എക്സൈസ്, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ എക്സിബിഷൻസ് തുടങ്ങിയ വൈവിധ്യമേറിയ പരിപാടികളും വർണ്ണശബളമായ ഘോഷയാത്രയും വിപുലമായ സമാപന പരിപാടികളും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ 7 ലക്ഷം രൂപയിലധികം ചെലവ് പ്രതീക്ഷിക്കുന്നതിനാൽ തനത് ഫണ്ട് പരിമിതമായ അമ്പൂരി ഗ്രാമപഞ്ചായത്തിന് അമ്പൂരി ഫെസ്റ്റിന്റെ വിജയകരമായ നടത്തിപ്പിനായി തിരുവനന്തപുരം ജില്ലയിലെ വിവിധ തലത്തിലുള്ള പഞ്ചായത്തുകളിൽ നിന്നും, വിവിധ വകുപ്പുകളിൽ നിന്നും നിശ്ചിത തുക സമാഹരിക്കുന്നതിനുള്ള അനുവാദം ലഭ്യമാക്കണമെന്ന് ബഹു.സംസ്ഥാന സർക്കാരിനോട്

അഭ്യർത്ഥിച്ച് തീരുമാനിക്കുകയും ചെയ്തു.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അമ്പൂരി ഫെസ്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട മിനിട്സ് ബുക്ക്, പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിക്കുന്നതിനും മറ്റു ആവശ്യങ്ങൾക്ക് നൽകുന്നതിനായും രസീത് പ്രിന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ സ്റ്റോക്ക് രജിസ്റ്ററും, രസീതുകളുടെ കൌണ്ടർഫോയിലുകളും, രസീതുകൾ പ്രിന്റ് ചെയ്തിട്ടില്ലായെങ്കിൽ ആയതിനുള്ള വിശദീകരണവും, 2022-23 വർഷത്തിലെ ഫെസ്റ്റിന്റെ വരവ് ചെലവ് കണക്കുകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും അംഗീകരിച്ചതിന്റെ രേഖകളും ലഭ്യമാക്കുന്നതിനായി നൽകിയ അന്വേഷണകുറിപ്പ് 22/28.11.23 -ന് അമ്പൂരി ഫെസ്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട മിനിട്സ് ബുക്ക് മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 7 ലക്ഷം രൂപയുടെ ആകെ ചെലവ് പ്രതീക്ഷിക്കുന്ന ഫെസ്റ്റിന്റെ ഉദ്ഘാടനം 23/12/2022 -ലും സമാപനം 27/12/2022 ലും നടത്താനും, പെരുങ്കടവിള ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളിൽ നിന്നും തുക ലഭ്യമാക്കുന്നതിന് സർക്കാറിനോട് അഭ്യർത്ഥിക്കാനും, തുക സമാഹരിക്കുന്നതിന് രസീത് പ്രിന്റ് ചെയ്യുന്നതിനും, ഫെസ്റ്റിനായി പ്രത്യേക അക്കൗണ്ട് തുടങ്ങാനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളിൽ നിന്നും വകുപ്പുകളിൽ നിന്നും ഈയിനത്തിൽ തുക ലഭ്യമായിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ അക്കൗണ്ടിംഗ് വിശദാംശങ്ങൾ, രസീത് വഴി തുക സമാഹരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്നിവയും ലഭ്യമായിട്ടില്ല.

2022-23-ലെ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ I-11- പ്രകാരം ഹെഡ് കോഡ്-220800106) 350/-രൂപ അമ്പൂരി ഫെസ്റ്റിന്റെ ബാനർ പ്രിന്റ് ചെയ്യുന്നതിനായി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഫെസ്റ്റിന്റെ ആകെ വരവും ചെലവും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. രസീത് ബുക്കുകൾ ലഭ്യമാക്കാത്തതിനാലും, പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായ ഫെസ്റ്റ് കമ്മിറ്റിയുടെ മിനിട്സിൽ വരവ് ചെലവുകളുടെ വിവരം ചർച്ച ചെയ്ത് അംഗീകരിച്ച് രേഖപ്പെടുത്താത്തതിനാലും ഫെസ്റ്റിനായി ലഭിച്ച ആകെ വരവിന്റെയും ചെലവിന്റെയും കണക്കുകളും മറ്റ് വിവരങ്ങളും പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

സ.ഉ.(കൈ)നം.84/2022/തസ്വഭവ തിയതി-19/4/2022 നമ്പർ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.15 പ്രകാരം തദ്ദേശഭരണ സ്ഥാപനതലത്തിലെ പ്രകൃതി രമണീയമായ വിനോദസഞ്ചാര സാധ്യതകളുള്ള കേന്ദ്രങ്ങളെ വികസിപ്പിച്ച് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് സാധ്യതാപഠനം നടത്തി DPR തയ്യാറാക്കി പരിസ്ഥിതി സൗഹൃദ ഉത്തരവാദിത്വ ടൂറിസത്തെ പരിപോഷിപ്പിക്കുന്നതിനായി പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ ടൂറിസം വികസിപ്പിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി മുൻവർഷങ്ങളിൽ പഞ്ചായത്ത് പ്രത്യേക പ്രോജക്ടുകൾ ഏറ്റെടുത്തതായ വിവരം ലഭ്യമല്ല. കൂടാതെ പഞ്ചായത്ത് പരിധിയിലെ ടൂറിസം സാധ്യതകൾ വിനിയോഗിച്ച് പഞ്ചായത്ത് ഭരണസമിതിയും ഉദ്യോഗസ്ഥരും കൂട്ടായി ഫെസ്റ്റ് നടത്തി വരവ് ചെലവ് അംഗീകരിക്കുന്നതിന് പകരം പ്രസിഡന്റിന്റെയും ജനപ്രതിനിധികളുടെ പേരിൽ കമ്മിറ്റി രൂപീകരിച്ച് പഞ്ചായത്തിന്റെ രസീത് ഉപയോഗിക്കാതെ വരവ് ചെലവ് നടത്തിയത് സുതാര്യമല്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഫെസ്റ്റിന്റെ ഭാഗമായി പഞ്ചായത്തിന്റെ തനത് പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുന്നതിലൂടെയും, താൽക്കാലിക കച്ചവട സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിലൂടെയുമുള്ള വരവ് പഞ്ചായത്തിന് നഷ്ടപ്പെട്ടു. ഫെസ്റ്റിന്റെ നടത്തിപ്പ് സുതാര്യമായി നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതും അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-25 വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല.1188176/-രൂപ തടസ്സപ്പെടുത്തുന്നു.

2022-23 വർഷത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ ചുവടെ വിവരിക്കും പ്രകാരം തുക കൈമാറി നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ തുക | നൽകിയ തുക, നിർവഹണ ഉദ്യോഗസ്ഥന്റെ പേര് | ബിൽ നമ്പർ/തിയതി | അപാകങ്ങൾ |
|---|---|---|---|---|
| പാഥേയം (എസ്.സി) 128/22 | 800800/- (320320/-എസ്.സി.പി), 480480/- ജില്ലാ പഞ്ചായത്ത് വിഹിതം.) | 3,20,320/- വിനിജോസഫ്. വി.ഇ.ഒ സർക്കിൾ എ | 340 തീയതി- 29/3/2023 | അമ്പൂരി പഞ്ചായത്തിലെ സി.ഡി.എസ്-ന് തുക കൈമാറി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| പാഥേയം. | 1004640/-(401856 | 4,01,856/-ബിന്ദു | 229 | അമ്പൂരി |

| | | | | |
|---|---|---|---|---|
| (85/22) | /-പൊതു)-602784/-ജില്ലാ പഞ്ചായത്ത് വിഹിതം.) | കുമാരി.ഒ.വൈ. വി.ഇ.ഒ സർക്കിൾ ബി | തീയതി- 3/3/2023 | പഞ്ചായത്തിലെ സി.ഡി.എസ്-ന് തുക കൈമാറി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| പി.എം.എ.വൈ വിഹിതം കൈമാറൽ. 131/22 | 466000/-റ്റി.എസ്.പി. | 4,66,000/- ബിന്ദുകുമാരി.ഒ.വൈ. വി.ഇ.ഒ | 53 തീയതി- 11/10/2022 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് പെരുങ്കടവിള -യ്ക്ക് തുക കൈമാറി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| | ആകെ | 1188176/- | | |

പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാത്തതിനെ തുടർന്ന് നൽകിയ അന്വേഷണകുറിപ്പ് 33/23- 01.12.2023 ന് നിർവഹണോദ്യോഗസ്ഥൻ വിനിയോഗസാക്ഷ്യപത്രങ്ങളും, മറുപടിയും ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാകാത്തതിനാൽ പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആയതിനാൽ മേൽ വിവരിച്ച വിവിധ പദ്ധതികൾക്കായി വിനിയോഗിച്ച 1188176/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ചെലവ് രേഖകൾ ഹാജരാക്കിയില്ല- 3,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

പഞ്ചായത്തിൽ സ്ഥിര താമസമാക്കിയ പട്ടികജാതിക്കാരുടെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് 100000/- രൂപ വീതം നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത് .

| പദ്ധതിയുടെ പേര്, നമ്പർ | അടങ്കൽ തുക | ചെലവ് തുക | നിർവ്വഹണോദ്യാഗസ്ഥൻ | ബിൽ നമ്പർ, തീയതി |
|---|---|---|---|---|
| വീട് മെയിന്റനൻസ് (സ്പിൽ ഓവർ) 43/22-23, (എസ്.സി.പി) | 403640 | 400000 | വി.ഇ.ഒ സർക്കിൾ എ | 2,27/4/22-75000/- 9,4/5/2022-225000/- 52,11/10/2022-100000/- |

പ്രസ്തുത പദ്ധതിയുടെ ഭാഗമായി 50000/- രൂപ വീതം ആനുകൂല്യം നൽകിയ രജനി, വിജയകുമാരി എന്നീ ഗുണഭോക്താക്കളുടെ ഫയലുകളും, ചെലവ് രേഖകളും മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. എന്നാൽ 300000/- രൂപയുടെ ചെലവ് രേഖകളും ഗുണഭോക്താക്കളുടെ അപേക്ഷകളും മറ്റ് രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ തുകയുടെ വിനിയോഗത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 27/4/22 ലെ 2-ാം നമ്പർ ബിൽ പ്രകാരം ചെലവഴിച്ച 75000/- രൂപയും 4/5/2022 ലെ 9-ാം നമ്പർ ബിൽ പ്രകാരം ചെലവഴിച്ച 225000/- രൂപയും ഉൾപ്പെടെ 300000/- രൂപ തടസ്സപ്പെടുത്തുന്നു. ഫയലുകളും അനുബന്ധ രേഖകളും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-27 സ്മാർട്ട് ഗാർബേജ് ആപ്പ് (ഹരിതമിത്രം) ക്യൂ.ആർ.കോഡ് സമ്പ്രദായം നടപ്പിലാക്കിയിട്ടില്ല.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിനായി സ്മാർട്ട് ഗാർബേജ് ആപ്പ് (ഹരിതമിത്രം) ക്യൂ.ആർ.കോഡ് സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്. സ.ഉ.(സാധാ) നം.2307/21 /തസ്വഭവ തിയതി 18-11-21 പ്രകാരം 2022-23 വർഷത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും ആയത് പ്രവർത്തനക്ഷമം ആക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ആയത് അനുസരിച്ച് പഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് ആപ്പ് (ഹരിതമിത്രം) ക്യൂ.ആർ.കോഡ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റ വിവരവും, നടപ്പിലാക്കിയിട്ടില്ലായെങ്കിൽ ആയതിന്റെ കാരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 32/23,30.11.23-ന് മറുപടി ലഭ്യമാക്കിയില്ല. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. ആയതിനാൽ പഞ്ചായത്തിലെ മുഴവൻ കെട്ടിടങ്ങളിൽ നിന്നും മാലിന്യശേഖരണം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ

തുടർനടപടി സ്വീകരിക്കേണ്ടതാണ്. സ്മാർട്ട് ഗാർബേജ് ആപ്പ് (ഹരിതമിത്രം) ക്യൂ.ആർ.കോഡ് സമ്പ്രദായം നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 മരുന്നുകൾ ലഭ്യമായില്ല - തുടർ നടപടി സ്വീകരിക്കണം

(I)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം | 75/23 |
| അടങ്കൽ തുക | 300000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് തുക | 300000 |
| ബിൽ നം/ തീയതി | 3/02.12.2022 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ഹോംകോയ്ക്ക് 300000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-28/29.11.23 ന് മരുന്നുകൾ ലഭ്യമായില്ലായെന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(Ii)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എഫ്.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം | 71/23 |
| അടങ്കൽ തുക | 900000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് തുക | 900000 |
| ബിൽ നം/ തീയതി | 5/22-23 30.08.22 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (അലോപ്പതി) |

എഫ്.എച്ച്.സി-ക്ക് മരുന്ന് വാങ്ങുന്നതിനായി In House Drug Bank എന്ന സ്ഥാപനത്തിന് 900000/- രൂപ കൈമാറിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഇൻവോയിസുകൾ പ്രകാരം 857477/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയായ 42523/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാകാത്തതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/2022-23, തീയതി 27.11.23)-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ | വർഷം | മുന്നിരിപ്പ് | തൻ വർഷം | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| സ്ഥാപനം | | | ലഭിച്ച തുക | | | |
|---|---|---|---|---|---|---|
| | | | 40000 | ലൈഫ് ജനറൽ 129/23 | 40000 | |
| | | | 200000 | അങ്കണവാടി പോഷകാഹാരം 38/23 | 200000 | |
| | | | 334875 | സ്നേഹസ്പർശം 97/23 | 334875 | |
| | | | 200000 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ 104/23 | 200000 | |
| | | | 225000 | അങ്കണവാടി പോഷകാഹാരം (എസ്.റ്റി) 69/23 | 225000 | |
| | | | 160000 | ഗോത്രസാരഥി 96/23 | 160000 | |
| | | | 79436 | ക്ഷീര സമൃദ്ധി വനിത 51/23 | 79436 | |
| | | | 254698 | ക്ഷീര സമൃദ്ധി ജനറൽ 87/23 | 254698 | |
| ആകെ | | | 1494009 | | 1494009 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | | 334875 | സ്നേഹസ്പർശം 97/23 | 334875 | |
| | | | 200000 | ക്ഷീര സമൃദ്ധി ജനറൽ 87/23 | 200000 | |
| ആകെ | | | 534875 | | 534875 | |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| | 2021-22 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 508117 | 1634009 | 2142126 | 1494009 | 648117 | 628117 * |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1293367 | 534875 | 1828242 | 534875 | 1293367 | 1293367 |

* നീക്കിയിരിപ്പിലെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം | ആകെ | തൻവർഷം തിരികെ ലഭിച്ച തുക | നീക്കി യിരിപ്പ് | 2022-23 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 5550225 | 0 | 5550225 | 1840846 | 3709379 | 3682137 * |
| കെ.എസ്.ഇ.ബി | 65795 | 0 | 65795 | 0 | 65795 | 93037* |
| പബ്ലിക് വർക്ക് ഡിപ്പാർട്ട്മെന്റ് | 113000 | 0 | 113000 | 0 | 113000 | 113000 |

* വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

സർക്കാർ ഉത്തരവുകൾ പ്രകാരം തൻവർഷം KURDFC വായ്പയിനത്തിൽ ഡിഡക്ട് ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം (വികസനഫണ്ട്) | ഒന്നാം ഗഡു | രണ്ടാം ഗഡു | ആകെ ലോൺ അടവ് തുക | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അടവാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| ജനറൽ | 880000 | 880000 | 1760000 | 968000 | 792000 |
| എസ്.സി.പി | 70107 | 70107 | 140214 | 70107 | 70107 |
| റ്റി.എസ്.പി | 498278 | 498277 | 996555 | 996555 | 0 |
| ആകെ | | | 2896769 | 2034662 | 862107 |

സർക്കാർ ഉത്തരവുകൾ പ്രകാരം ഡിഡക്ട് ചെയ്ത തുകകൾ സുലേഖയിൽ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ചെലവു തുകകളിലും ഈ വ്യത്യാസം പ്രതിഫലിക്കുന്നു. കൂടാതെ വാർഷിക ധനകാര്യ പത്രികയിലെ തിരിച്ചടച്ച തുക , തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക എന്നിവ ലോൺ രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ആകെ | തിരിച്ചടവ് | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| AFS പ്രകാരം | 27489961 | 0 | 27489961 | 2034662 | 25455299 |
| ലോൺ രജിസ്റ്റർ പ്രകാരം | 25174050 | 0 | 25174050 | 2896769 | 22277281 |

സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള തുകകൾ പൂർണമായും അക്കൗണ്ട് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വാർഷിക ധനകാര്യപത്രികയിലെ വിവരങ്ങൾ, ലോൺ രജിസ്റ്ററിലെ വിവരങ്ങൾ എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തി, വരും വർഷങ്ങളിൽ വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങൾ ക്രമീകരിച്ച് ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.5 | 2016-17 | അനുബന്ധം-3 | വസ്തുനികുതി 2014-15 ഖണ്ഡിക 2.5 വസ്തുനികുതി കുടിശ്ശിക 1304798 | വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജിത ശ്രമങ്ങൾ നടത്തുന്നുണ്ട്. ആർ.ആർ നടപടികൾ ഉൾപ്പെടെ സ്വീകരിച്ചിട്ടുണ്ട്. 2014-15 വരെയുള്ള കുടിശ്ശികയിൽ 49776/- രൂപ മാത്രമേ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുള്ളൂ. |
| 2015-16 | 2.1 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി 2015-16 ഖണ്ഡിക 2.1 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല | സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

2017-18 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2, 3-4, 3-6 എന്നിവ പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് 23/10/2021 ലെ എ2-/2021 നമ്പരായി കത്ത് നല്കിയിട്ടുണ്ട് എന്ന വിവരം അറിയിച്ചിട്ടുണ്ട്.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം (വരവ് ചെലവുകൾ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല).

| | |
|---|---|
| മുന്നിരിപ്പ് | 7476515 |
| ഓഡിറ്റ് വർഷത്തെ വരവ് | 31188264 |
| ആകെ | 38664779 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 30005865 |
| നീക്കിയിരിപ്പ് | 8658914 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2473917 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 442488 | ഡോ.പ്രദീപ്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 1-16 | 40000 | |
| 1-17 | 86730 | |
| 1-23 | 416523 | ശ്രീ.സന്തോഷ് കുമാർ.പി.ബി, സെക്രട്ടറി |
| 1-25 | 1188176 | 320320 – ശ്രീ.വിനി ജോസഫ്,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ എ |

| | | |
|---|---|---|
| | | 401856 -ശ്രീമതി ബിന്ദുകുമാരി.ഒ.വൈ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ ബി 466000 -ശ്രീമതി ബിന്ദുകുമാരി.ഒ.വൈ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ എ |
| 1-26 | 300000 | ശ്രീ.ദിന.എസ്.ജി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ എ |
| ആകെ | 2473917 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.പ്രദീപ്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | - | രശ്മി നിവാസ്, നരുവാമൂട് പി.ഒ |
| ശ്രീ.സന്തോഷ് കുമാർ.പി.ബി, സെക്രട്ടറി | - | റ്റി.സി-64/1869(2), സൗപർണ്ണിക, പുഴയോരം ലെയ്ൻ, തിരുവല്ലം പി.ഒ |
| ശ്രീ.വിനി ജോസഫ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ എ | - | സിനി ഭവൻ, കുടപ്പനമൂട്, കണ്ണൂർ.പി.ഒ |
| ശ്രീമതി ബിന്ദുകുമാരി.ഒ.വൈ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ ബി | - | ദ്രാവിഡ, വൈലൂർക്കോണം, വടക്കുകര, കണ്ടല.പി.ഒ പിൻ-695512 |
| ശ്രീ.ദിന.എസ്.ജി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ എ | - | രോഹിണി, എരിക്കുന്നം, നെട്ടയം, മണികണ്ഠേശ്വരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 1 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 2 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 | 1 |

| | | |
|---|---|---|
| | തീയതി 14.10.2022 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 2 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 3 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 3 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 3 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 1 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 5 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 11 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2261/2018 തീയതി 14.01.2019 | 16 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1700/19 തീയതി 16.10.2019 | 23 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/112/2022 തീയതി 28.01.2022 | 44 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/952/2022 തീയതി 30.06.2022 | 48 |
| 2021-22 | കെ.എസ്.എ./റ്റി.വി.എം./ജി.പി.2 /2055/2022 തിയതി : 13/02/2023 | 25 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

ബി.റ്റി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 6 dated 29-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Amboori Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Amboori Grama Panchayat for the year 2022-2023

**Date: 27/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Amboori Grama Panchayat for the Year 2022-2023 .

**1.Major Observations**

1) The previous year's closing balance ((RP- 40(b)= 7476505/-) does not match the current year's opening balance (RP-40(a)= 7476515/-) . difference of Rs. 10/-

2) Deficit balance for the institution as per the Income & Expenditure statement. Expenditure (Rs.238677029/-) exeeds income (Rs.230552113 /-) as per Income & Expenditure Statement.

3) Non disclosure of new Asset - New asset ( Rs.1202945/- expended for purchase of Ambulance) created in 2021-22 financial year not included in the balance sheet of 2021-22 & also in 2022-23

**2.Other Observations**

1) Depreciation provided for assets are more than the asset value of that particular item. Example is given below

| Item | Asset value in AFS | Depreciation value in AFS |
|---|---|---|
| vehicle | 739882/- | 822231/- |

2) Discrepancy in outstanding loan amount as per B-5 schedule- loan repayment amount as per Sulekha Expenditure statement (2034662/-) does not match with the amount actually deducted at source (Rs. 2896769/-)

3) The valuation of stock and stores are not done at the end of the financial year and also not included in B-14 Stock in hand (inventories) schedule.

4) Mandatory financial statements prescribed in accounting rules are not submitted for audit. Annual Ratios and Notes on Accounts as per rule 62-2 (f) of Kerala Panchayat Raj Accounts Rules, 2011 are not submitted with the annual financial statements.

5) As per reconciliation statement of Fedaral bank own Fund Account (12290100201378) on 31$^{st}$ March 2023, Rs 2698/- is noted as Cheque issued but not presented to the bank. These cheques were issued on 28/01/22. Those cheques have not been booked as stale cheques.

6) Cheque deposited but not cleared â An amount of RS.40561 /- has not been credited into the bank account (Service co operative bank - 2034 ). Further action has not been taken to clear the amount till date.

7) Cash flow statement- Net increase in cashflow( 1182399/-) does not match with the net cash generated during the financial year. ( -12245083/-)

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്